(ഡി) ഈ പ്രശ്നത്തിൽ ഫിഷറീസ് ഡയറക്ടർ വിളിച്ചുകൂട്ടിയ കോൺഫറൻസ് എടുത്ത തീരുമാനങ്ങൾ എന്തെല്ലാം ;

(ഇ) അവയിൽ എന്തെല്ലാം നടപ്പിലാക്കി ?

ഉത്തരം

(എ) മരിച്ചവർ 1 (ഒന്ന്).
പരിക്ക് പറ്റിയവർ 16 (പതിനാറ്).
കേട് സംഭവിച്ച മൽസ്യബന്ധനോപകരണങ്ങൾ 4 വള്ളങ്ങൾ

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പരിക്കേറ്റവർക്ക് അർഹതയനുസരിച്ച് ധനസഹായം നൽകുന്ന കാര്യം പരിശോധിക്കാൻ കൊല്ലം ഡിസ്ട്രിക്റ്റ് ഫിഷറീസ് ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) 1. 18-9-1986-ൽ കൊല്ലം അഡിഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് വേണ്ട സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് തീരുമാനിച്ചു.

2. തുറമുഖ വകുപ്പുമായി കൂടിയാലോചിച്ച് ബോട്ടുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും രാത്രികാല പെട്രോളിംഗ് കൂടുതൽ കർശനമാക്കുന്നതിനും തീരുമാനിച്ചു.

3. നിയമലംഘനം നടത്തുന്നവരെ കർശനമായി ശിക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

4. മൽസ്യത്തൊഴിലാളികൾ നിയമം കയ്യിലെടുക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

5. കടലിലെ പെട്രോളിംഗ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

6. ഔട്ട് ബോർഡ് എഞ്ചിനുകളുടെ പ്രവർത്തനഫലമായി കായലിൽ എണ്ണപ്പാട കലങ്ങുന്നു എന്ന ആരോപണത്തെപ്പറ്റി വിശദമായി പഠിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് നൽകേണ്ടതുമാണ്.

7. നീണ്ടകര സംഭവത്തിൽ പരിക്ക് പറ്റിയവർക്കും നഷ്ടം സംഭവിച്ചവർക്കും ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതിലേക്കായി കൊല്ലം ഡിസ്ട്രിക്ട് ഫിഷറീസ് ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സെക്രട്ടറിയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ തീരുമാനം എടുക്കേണ്ടതാണ്.

8. നീണ്ടകര പ്രദേശത്ത് സമാധാനനില സ്ഥാപിക്കുന്നതിനും മത്സ്യബന്ധന പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

(ഇ) അവയെല്ലാംതന്നെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നു.

ഔട്ട് ബോർഡ് എഞ്ചിന്റെ കസ്റ്റംസ് ഡ്യൂട്ടി

750. [1238] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔട്ട്ബോർഡ് എഞ്ചിന് കേന്ദ്രഗവൺമെന്റ് ഈടാക്കുന്ന കസ്റ്റംസ് ഡ്യൂട്ടി എത്രയാണെന്നറിയുമോ ;

(ബി) കസ്റ്റംസ് ഡ്യൂട്ടിയിൽനിന്ന് ഔട്ട്ബോർഡ് എഞ്ചിനെ ഒഴിവാക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്ത് തീരുമാനമായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 92. 5%
(ബി) ഉണ്ട്.
(സി) തീരുമാനം അറിവായിട്ടില്ല.

എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് നൽകുന്ന മണ്ണെണ്ണയുടെ നിരക്ക്

751. [1239] ശ്രീ വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് നൽകുന്ന മണ്ണെണ്ണയുടെ നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ആവശ്യത്തിന് കേന്ദ്ര പെട്രോളിയം വകുപ്പിൽനിന്നും ലഭിക്കുന്ന മണ്ണെണ്ണയുടെ അളവെത്രയാണ് ;

(സി) മണ്ണെണ്ണയുടെ അളവ് കൂട്ടിത്തരണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏഴ് കുതിരശക്തി വരെയുള്ള യന്ത്രങ്ങൾ ഘടിപ്പിച്ച വള്ളങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ശരാശരി 250 ലിറ്റർ മണ്ണെണ്ണയും അതിൽക്കൂടുതൽ കുതിരശക്തിയുള്ളവയ്ക്ക് ശരാശരി 350 ലിറ്റർ മണ്ണെണ്ണയുമാണ് പ്രതിമാസം നൽകുന്നത്.

(ബി) പ്രതിമാസം ആയിരം കിലോഗ്രാം ;

(സി) ഉണ്ട്.

(ഡി) ഒക്ടോബർ മാസത്തിൽ 1212 മെ.ടൺ മണ്ണെണ്ണ കൂടുതലായി സംസ്ഥാനത്തിന് അനുവദിച്ചു.

ഊന്നിവല പ്രശ്നം

752. [1240] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉംനാടൻ മേഖലയിൽ ലൈസൻസുള്ളവരും ഇല്ലാത്തവരുമായ മത്സ്യത്തൊഴിലാളികൾ ഊന്നിവല പ്രശ്നത്തിൽ സംഘർഷത്തിലാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ലൈസൻസുള്ളവർക്ക് ദോഷം വരാത്ത വിധത്തിൽ പരമ്പരാഗത തൊഴിലാളികൾക്ക് ഊന്നിവല ലൈസൻസ് നൽകി ഈ പ്രശ്നം പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) അഞ്ച് വർഷത്തിനുമേൽ തുടർച്ചയായി അനധികൃത മത്സ്യബന്ധനം നടത്തിവന്ന ഊന്നിവലകൾക്കുമാത്രം ലൈസൻസ് നൽകണമെന്നും, അല്ലാതെ പുതുതായി ഊന്നിവല ലൈസൻസ് നൽകേണ്ടതില്ലെന്നും ഗവൺമെന്റ് തീരുമാനിക്കുകയും ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly